"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് -തിരുവനന്തപുരം താലൂക്കിലെ ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നം 79/4 ,79/ 5 ,79/ 6 ൽ പ്പെട്ടതും ശ്രീ രാജേന്ദ്രന്റെ ഉടമസ്ഥതയിൽ പ്പെട്ടതുമായ 7.65 ആർസ് സ്ഥലത്തുള്ള ധാതുമണൽ IREL ന്റെ ചവറ പ്ലാന്റിലേക്കു നീക്കം ചെയ്യാൻ അനുമതി നൽകിയ ഉത്തരവ് - പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വ്യവസായ (എ) വകുപ്പ്

G.O.(Rt)No.36/2022/ID തീയതി,തിരുവനന്തപുരം, 11/01/2022

---

പരാമർശം:- 1. 7/12/2021 ലെ സ .ഉ (സാദാ )നം.1318 / 2021/വ്യവ നം ഉത്തരവ്

2. ഐ ആർ ഇ ൽ ജനറൽ മാനേജർ രുടെ 28.12.2021 ലെ IREL/CH/MNG/2021 നം കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ റീസർവ്വേ 79 ൽ ഉൾപ്പെട്ടതും ശ്രീ രാജേന്ദ്രന്റെ (പ്രീത ഭവൻ ചിതറാൽ.പി.ഓ., കന്യാകുമാരി) ഉടമസ്ഥതയിലുള്ളതുമായ 7.65 ആർസ് സ്ഥലത്തു നിന്നും കെട്ടിടനിർമാണത്തിന്റെ ഭാഗമായി മാറ്റുന്ന ധാതുമണൽ ,അറ്റോമിക് മിനറൽസ് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും മറ്റു ആറു നിബന്ധനകൾക്കും വിധേയമായി നീക്കം ചെയ്തു തങ്ങളുടെ ചവറ പ്ലാന്റിലേക്കു കൊണ്ടുപോകുന്നതിനു M/s IREL നു അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത ഉത്തരവിലെ നിബന്ധന 5 പ്രകാരം ധാതുമണലിൽ നിന്നും വേർതിരിച്ചെടുക്കുന്ന അറ്റോമിക് മിനറൽസിന്റെ റോയൽറ്റി ഒടുക്കിയ ശേഷം തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിൽ നിന്നും ട്രാൻസിറ്റ് പാസ്സ് കരസ്ഥമാക്കി മാത്രമേ IREL ധാതുമണൽ ചവറ പ്ലാന്റിൽ കൊണ്ടു പോകാൻ പാടുള്ളൂ. ടി ഉത്തരവിലെ നിബന്ധന 6 പ്രകാരം ധാതുമണൽ നീക്കം ചെയ്യുന്നതിനുള്ള അനുമതി Atomic Mineral Directorate of Exploration and Research നിന്നും M/s IREL വാങ്ങിയിരിക്കേണ്ടതാണ് . എന്നാൽ IREL മിനറൽ ഉല്പാദനത്തിന് റോയൽറ്റി അഡ്വാൻസായി നൽകുന്നുണ്ടെന്നും ആയതിനാൽ കൺസ്ട്രക്ഷൻ സൈറ്റിൽ നിന്നുംശേഖരിക്കുന്ന മണലിൽ നിന്നും വേർതിരിച്ചെടുക്കുന്ന ധാതുവിന്റെ റോയൽറ്റി IREL ഒടുക്കുന്നതാണ് എന്നും IREL നിലവിൽ ധാതുമണൽ നീക്കം ചെയ്തു കൺസ്ട്രക്ഷൻ സൈറ്റിൽ ശേഖരിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ടി പ്രവൃത്തി മൈനിങ് അല്ലെന്നും ആകയാൽ പരാമർശം (1) ഉത്തരവിലെ 5 ,6 നിബന്ധനകൾ ഒഴിവാക്കി ധാതുമണൽ നീക്കം ചെയ്യുന്നതിനു പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നു പരാമർശം (2) പ്രകാരം IREL അവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു .തിരുവനന്തപുരം താലൂക്കിലെ ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നം 79/4 ,79/ 5 ,79/ 6 ൽ പ്പെട്ടതും ശ്രീ രാജേന്ദ്രന്റെ ഉടമസ്ഥതയിൽപ്പെട്ടതുമായ 7.65 ആർസ് സ്ഥലത്തുള്ള ധാതുമണൽ IREL ന്റെ ചവറ പ്ലാന്റിലേക്കു നീക്കം ചെയ്യാൻ അനുമതി നൽകിയ പരാമർശം (1) ഉത്തരവിലെ 5 ,6 എന്നീ നിബന്ധനകൾ

ഒഴിവാക്കി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം ഉത്തരവിലെ മറ്റു നിബന്ധനകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shaher Banu
Joint Secretary

ഡയറക്ടർ ,മൈനിങ് & ജിയോളജി
മാനേജിങ് ഡയറക്ടർ ,M/s IREL,ചവറ ,കൊല്ലം
ശ്രീ.രാജേന്ദ്രൻ പ്രീത ഭവൻ ,ചിതറാൽ .പി .ഒ ,കന്യാകുമാരി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ &ഇ )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി എ ക്കു